**സംസ്ഥാനങ്ങൾ അനുമതി നൽകാത്തതാണ്
ജനതികമാറ്റം വരുത്തിയ നിരവധി വിളകളുടെ
പരീക്ഷണങ്ങൾക്ക് ഇപ്പോൾ തടസ്സമായി നിൽക്കുന്നത്.
ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി (BRAI) ബിൽ
നടപ്പിലാക്കുന്നതിലൂടെ ഈ സാഹചര്യത്തെ
മറികടക്കാനുള്ള ശ്രമത്തിലാണ് ജി.എം ലോബി .
ജനിതക മാറ്റം വരുത്തിയ വിളകളുടെ പ്രശ്നങ്ങളെയും
വിത്തുകുത്തകകളുടെ ഇടപെടലുകളെയും
കുറിച്ച് സംസാരിക്കുന്നു എസ്. ഉഷ, ആർ. ശ്രീധർ**

## ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ബിൽ

# ജനിതക വിളകൾക്ക് സർക്കാർ നിലമൊരുക്കുന്നു

**ഇന്ത്യയെമ്പാടുമുണ്ടായ വലിയ പ്രതിഷേധങ്ങളെ തുടർന്ന് ബി.ടി വഴുതനയ്ക്ക് കേന്ദ്ര സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുകയാണല്ലോ? ഇതിനെ തുടർന്ന് ജനിതകമാറ്റം വരുത്തിയ വിളകളുടെ പരീക്ഷണത്തിൽ ഇന്ത്യയിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടായിട്ടുണ്ടോ? എന്താണ് നിലവിലെ അവസ്ഥ?**

ബി.ടി വഴുതനയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച ശേഷം വിത്തുകമ്പനികൾ ജി.എമ്മിന് അനുകൂലമായ വലിയ ക്യാമ്പയിനുകൾ ഇന്ത്യയിലെമ്പാടും നടത്തുന്നുണ്ട്. ABLE ( Association of Biotechnology Led Enterprises) എന്ന ബയോടെക്നോളജി കമ്പനികളുടെ സംയുക്ത സംരംഭത്തിന്റെ മുൻകൈയിലാണ് ക്യാമ്പയിനുകൾ നടക്കുന്നത്. ജനിതക സാങ്കേതിക വിദ്യയ്ക്ക് അനുകൂലമായി എഴുതാൻ മാധ്യമങ്ങളെ അവർ വിലയ്ക്കെടുത്തു. ടൈംസ് ഓഫ് ഇന്ത്യയാണ് പ്രധാന കുറ്റവാളി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ നടന്ന വിദർഭയിൽ ബി.ടി പരുത്തി കൃഷി ചെയ്ത കർഷകർ വലിയ ലാഭമുണ്ടാക്കിയതായി ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തു. വ്യാജമായ ചില കണക്കുകൾ വച്ചാണ് അവർ അങ്ങനെ സമർത്ഥിക്കാൻ ശ്രമിച്ചത്. ഇതേ ഗ്രാമങ്ങളിൽ ടൈംസ് ഓഫ് ഇന്ത്യ പറഞ്ഞ കർഷകർ ദാരിദ്രരാണെന്നും ആത്മഹത്യ ഇവിടെ വ്യാപകമായി നടക്കുന്നുണ്ടെന്നും കർഷക പ്രസ്ഥാനങ്ങൾക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. കിഷോർ തിവാരി നേതൃത്വം നൽകുന്ന വിദർഭ ജൻ ആന്തോളൻ സമിതി എന്ന സംഘടനയാണ് ശരിയായ കണക്കുകൾ ശേഖരിക്കുന്നത്. അവരുടെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ കർഷകാത്മഹത്യ നടന്നത് ബി.ടി പരുത്തി കൃഷി ചെയ്തിരുന്ന മേഖലയിലാണ്. അതിന് മറുപടി പറയാൻ മൊൺസാന്റോ തയ്യാറായിട്ടില്ല. അഞ്ച് കോടി രൂപയുടെ ഒരു കരാർ പ്രകാരമാണ് ടൈംസ് ഓഫ് ഇന്ത്യ ഇത്തരമൊരു വാർത്ത ചെയ്തതെന്നാണ് പിന്നീട് അറിയാൻ കഴിഞ്ഞത്.

ജനതികമാറ്റം വരുത്തിയ നിരവധി വിളകൾ പരീക്ഷണങ്ങൾക്കായി ഒരുങ്ങിയിരിക്കുകയാണ്. ഇവയ്ക്ക് അനുമതി ലഭിച്ചാൽ ഇതുവരെ ഇന്ത്യ കണ്ടിട്ടില്ലാത്ത അത്രയും പരീക്ഷണങ്ങളാണ് അടുത്ത റാബി സീസണിൽ ഇവിടെ നടക്കാൻ പോകുന്നത്. ജനിതകമാറ്റം വരുത്തിയ വിളകളുടെ പരീക്ഷണത്തിന് സംസ്ഥാന സർക്കാരിന്റെ അനുമതി (NOC - No Objection Certificate) വേണമെന്ന് ജയറാം രമേശ്

GEAC(Genetic Engineering Approval Committee)ക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനങ്ങൾ പലതും അനുമതി നൽകാത്തതാണ് ഇപ്പോൾ തടസ്സമായി നിൽക്കുന്നത്. സംസ്ഥാനങ്ങളുടെ അനുമതി കിട്ടിയാൽ ജനിതക വിളകളുടെ പരീക്ഷണങ്ങൾക്ക് അനുമതി നൽകാൻ GEAC തയ്യാറാണ്.

ജി.എം റബ്ബർ ആണ് കേരളത്തിൽ പരീക്ഷിക്കാൻ തയ്യാറായിരിക്കുന്നത്. ജി.എം വിരുദ്ധ നയത്തിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ ഈ പരീക്ഷണത്തെ എതിർത്തിരുന്നു. അന്നത്തെ കൃഷി മന്ത്രി മുല്ലക്കര രത്നാകരൻ എതിർപ്പറിയിച്ച് ജയറാം രമേശിന് കത്തെഴുതി. കോട്ടയത്തെ തൊമ്പിക്കണ്ടം എന്ന സ്ഥലമാണ് ജി.എം റബ്ബർ പരീക്ഷിക്കുന്നതിനായി തെരഞ്ഞെടുത്തത്. റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേതാണ് പദ്ധതി. വിഷയം സജീവ ചർച്ചയാതതോടെ മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദൻ വിദഗ്ധരുടെ മീറ്റിംഗ് വിളിച്ചു. റബ്ബർ ബോർഡ് ഉദ്യോഗസ്ഥരും കൃഷി



**BRAI നിലവിൽ വന്നാൽ ജനിതക വിളകളുടെ പരീക്ഷണം നടത്തുന്നതിന് അനുമതി നൽകുന്നതിനുള്ള സംസ്ഥാന സർക്കാറുകളുടെ അധികാരം ഇല്ലാതെയാകും. കൃഷിയും ആരോഗ്യവും പരിസ്ഥിതിയും സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന ഈ ബിൽ ഭരണഘടനാപരമായ അവകാശങ്ങളുടെ പച്ചയായ ലംഘനം കൂടിയായി മാറുന്നു. എന്ത് വിള കൃഷി ചെയ്യണം എന്ന് തീരുമാനിക്കാനുള്ള അവകാശം തീർച്ചയായും സംസ്ഥാനങ്ങൾക്കാണ് വേണ്ടത്**

ശാസ്ത്രജ്ഞന്മാരും പങ്കെടുത്ത മീറ്റിംഗിൽ ജി.എം വിരുദ്ധ ആക്ടിവിസ്റ്റുകളുടെ ചോദ്യങ്ങൾക്കും റബ്ബർ കർഷകരുടെ ആശങ്കകൾക്കും വ്യക്തമായ മറുപടി പറയാൻ അവർക്കായില്ല. തുടർന്ന് ജി.എം റബ്ബർ വേണ്ട എന്ന തീരുമാനത്തിൽ തന്നെ കേരളം എത്തുകയായിരുന്നു. ബീഹാറിൽ ജനിതക മാറ്റം വരുത്തിയ മൊൺസാന്റോയുടെ ചോളത്തിനും നിധീഷ് കുമാർ സർക്കാർ പരീക്ഷാനുമതി നിഷേധിച്ചു. മധ്യപ്രദേശും ഛത്തീസ്ഗഢുമെല്ലാം ജനിതക വിളകളുടെ പരീക്ഷണങ്ങൾക്കെതിരെ രംഗത്ത് വന്നു.

ഈ എതിർപ്പുകളെ തുടർന്നാണ് സംസ്ഥാനങ്ങളുടെ അനുമതി നിർബന്ധമായും വേണമെന്ന തീരുമാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം എത്തുന്നത്. ബി.ടി വഴുതനയ്ക്കെതിരെ നടത്തിയ ദേശവ്യാപകമായ ക്യാമ്പയിനാണ് ജി.എം വിരുദ്ധ വികാരം ഇത്ര ശക്തമാക്കിയത്. ജി.എം വിരുദ്ധ നിലപാടെടുത്ത സംസ്ഥാനങ്ങളെല്ലാം ജൈവകൃഷിക്ക് വലിയ പ്രാധാന്യം ഇപ്പോൾ നൽകുന്നുമുണ്ട്. 10 സംസ്ഥാനങ്ങളിൽ ജി.എം വിളകൾ പരീക്ഷിക്കാൻ GEAC അനുമതി നൽകിയിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാറുകളുടെ സമ്മതം കിട്ടാതിരുന്നത് ജി.എം വിത്ത് കമ്പനികൾക്ക് തിരിച്ചടിയായി. ഏറെ വർഷങ്ങൾക്ക് ശേഷം ആദ്യമായാണ് ജി.എം വിളകളുടെ പരീക്ഷണം നടക്കാത്ത ഒരു കാർഷിക സീസൺ ഇന്ത്യയിൽ കടന്നുപോകുന്നത്. ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ബിൽ (The Biotechnology Regulatory Authority of India (BRAI) Bill) നടപ്പിലാക്കുന്നതിലൂടെ ഈ സാഹചര്യത്തെ മറികടക്കാനാണ് ജി.എം ലോബി ശ്രമിക്കുന്നത്.

## കേരളം ഇപ്പോഴത്തെ നിലപാടെന്താണ്?

കേരളം വേണ്ടത്ര ജാഗ്രത ജി.എം വിളകളുടെ പരീക്ഷണത്തിൽ ഇപ്പോൾ കാണിക്കുന്നില്ല. ജി.എം റബ്ബറിനെ സ്വാഗതം ചെയ്യണോ വേണ്ടയോ എന്ന ഒരു സംശയത്തിലാണ് ഉമ്മൻ ചാണ്ടി സർക്കാർ. ഉറച്ച നിലപാട് അവർ ഇതുവരെ പറഞ്ഞിട്ടില്ല. കഴിഞ്ഞ സർക്കാറിന്റെ ജി.എം വിരുദ്ധ നയം തുടരുമെന്ന് കൃഷി മന്ത്രി കെ.പി. മോഹനൻ പറഞ്ഞിരുന്നെങ്കിലും ശക്തമായ നിലപാടെടുക്കാൻ സർക്കാർ തയ്യാറാകുന്നില്ല എന്നാണ് കാണാൻ കഴിയുന്നത്.

## BRAI ബിൽ കേന്ദ്ര സർക്കാറിന്റെ സജീവ പരിഗണനയിലാണല്ലോ? അതോറിറ്റി നിലവിൽ വന്നാൽ എന്താണ് സംഭവിക്കുന്നത്?

നിലവിലുള്ള നിയന്ത്രണങ്ങളെ ഏത് വിധേനെയും അട്ടിമറിക്കുന്നതിനായി ജി.എം കുത്തക കമ്പനികളും ജനിതക സാങ്കേതിക വിദ്യയ്ക്ക് അനുകൂലമായി വാദിക്കുന്ന ശാസ്ത്രജ്ഞന്മാരും നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി 2008ൽ ആണ് ആദ്യമായി BRAI ബില്ലിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമാകുന്നത്. വ്യാപകമായ എതിർപ്പുകളെ തുടർന്ന് അന്ന് അത് നടപ്പിലായില്ല. ഈ വരുന്ന ശീതകാല സമ്മേളനത്തിൽ പുതിയ രൂപത്തിൽ ബിൽ വീണ്ടും കൊണ്ടുവരാനായുള്ള ശ്രമങ്ങൾ ഇപ്പോൾ ഊർജ്ജിതമായി നടക്കുകയാണ്.

BRAI നിലവിൽ വന്നാൽ ജനിതക വിളകളുടെ പരീക്ഷണം നടത്തുന്നതിന് അനുമതി നൽകുന്നതിനുള്ള സംസ്ഥാന സർക്കാറുകളുടെ അധികാരം ഇല്ലാതെയാകും. കൃഷിയും ആരോഗ്യവും പരിസ്ഥിതിയും സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന ഈ ബിൽ ഭരണഘടനാപരമായ

അവകാശങ്ങളുടെ പച്ചയായ ലംഘനം കൂടിയായി മാറുന്നു. എന്ത് വിള കൃഷി ചെയ്യണം എന്ന് തീരുമാനിക്കാനുള്ള അവകാശം തീർച്ചയായും സംസ്ഥാനങ്ങൾക്കാണ് വേണ്ടത്.

BRAI നിലവിൽ വരുന്നതോടെ GEAC പിരിച്ചുവിടും. BRAI യുടെ മൂന്ന് അംഗങ്ങളുള്ള സമിതിയാണ് ജനിതക വിളകളെ സംബന്ധിച്ചുള്ള മുഴുവൻ തീരുമാനങ്ങളും പിന്നീട് എടുക്കുന്നത്. ഈ മൂന്ന് അംഗങ്ങൾ ജീവശാസ്ത്രവുമായി ബന്ധമുള്ളവരാകണമെന്നാണ് നിലവിലെ ചട്ടം. എന്നാൽ ഇവരെ തെരഞ്ഞെടുക്കുന്നതിനായി നിയോഗിച്ചിട്ടുള്ള പാനൽ മുഴുവൻ ബയോടെക്നോളജി ശാസ്ത്രജ്ഞന്മാരാണ്. അവർക്ക് സ്വാഭാവികമായും ആഭിമുഖ്യം ബയോടെക്നോളജി വിദഗ്ധന്മാരോടായിരിക്കുമല്ലോ? ബയോടെക്നോളജി വിദഗ്ധന്മാർ ജി.എമ്മിന് അനുകൂലവുമായിരിക്കും. ആരോഗ്യവും പരിസ്ഥിതിയുമൊന്നും അവരുടെ പരിഗണനയിൽ വരണമെന്നില്ല. GEAC കുറച്ച് കൂടെ വിപുലമായ സമിതിയായിരുന്നു. ആരോഗ്യം, പരിസ്ഥിതി, കൃഷി, ഭക്ഷ്യം, സാമൂഹിക ക്ഷേമം തുടങ്ങിയ മന്ത്രാലയങ്ങളുടെ സംയുക്തമായ അതോറിറ്റിയായിരുന്നു GEAC. ശാസ്ത്രജ്ഞന്മാരും ഡോക്ടർമാരും മുതൽ നിയമ വിദഗ്ധർ വരെ GEACയിൽ ഉണ്ടായിരുന്നു. അത്രയും വലിയ ഗ്രൂപ്പാണ് തീരുമാനങ്ങൾ എടുത്തിരുന്നത്. എന്നിട്ടും പ്രശ്നങ്ങൾ നിലനിന്നിരുന്നു. GEAC അനുവാദം നൽകാത്ത പല ജി.എം വിളകളും പരീക്ഷണം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. GEACക്ക് അതൊന്നും ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. മൂന്ന് അംഗങ്ങൾ മാത്രമുള്ള BRAI ക്ക് അത്രപോലും നിയന്ത്രണം സാധ്യമാക്കാൻ കഴിയില്ല. കേന്ദ്ര ശാസ്ത്ര - സാങ്കേതിക വകുപ്പിന്റെ കീഴിലാണ് BRAI പ്രവർത്തിക്കാൻ പോകുന്നത്. ജി.എം വിളകളുടെ വ്യാപനം ആരോഗ്യത്തേയും കൃഷിയേയും ജൈവവൈവിധ്യത്തേയും ബാധിക്കുന്ന പ്രശ്നമായിട്ടും അവയുടെ നിയന്ത്രണാധികാരം ശാസ്ത്ര - സാങ്കേതിക വകുപ്പിന് മാത്രം നൽകുന്നതിൽ എന്ത് യുക്തിയാണുള്ളത്? വനം-പരിസ്ഥിതി, കൃഷി, ആരോഗ്യം തുടങ്ങിയ മന്ത്രാലയങ്ങൾക്കും ഇക്കാര്യത്തിൽ അധികാരം വേണ്ടതാണ്. മാത്രമല്ല, ബി.ടി വഴുതനയ്ക്കെതിരെയുണ്ടായ പ്രതിഷേധങ്ങളെ തുടർന്ന് മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോൾ, GEAC പോലെയുള്ള നിയന്ത്രണ സംവിധാനങ്ങളുടെ പരാജയം തിരിച്ചറിയുന്നതായും ശക്തമായ നിയന്ത്രണ സംവിധാനങ്ങൾ ആവിഷ്കരിച്ച് അത് പരിഹരിക്കാൻ ശ്രമിക്കുമെന്നും കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിരുന്നു. ആ ഉറപ്പ് കൂടിയാണ് BRAI യിലൂടെ ലംഘിക്കപ്പെടാൻ പോകുന്നത്. BRAI യുടെ തീരുമാനങ്ങൾ അന്തിമമാണ്. കീഴ്ക്കോടതികളിൽ നിങ്ങൾക്ക് അത് ചോദ്യം ചെയ്യാൻ കഴിയില്ല. ഹൈക്കോടതിയോയോ സുപ്രീം കോടതിയോയോ സമീപിക്കേണ്ടി വരും.

കൊമേഴ്സ്യൽ ഇൻഫർമേഷൻ എന്ന രീതിയിൽ പരിഗണിച്ച് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും BRAI തീരുമാനങ്ങളെ ഒഴിവാക്കാനും നിർദ്ദേശമുണ്ട്. പൊതുജനാരോഗ്യത്തെയും പരിസ്ഥിതിയെയും ബാധിക്കുന്ന വിഷയങ്ങൾ പൊതുസമൂഹത്തിൽ നിന്നും മറച്ച് വയ്ക്കുന്നത് തീർത്തും അനീതിയാണ്. ബി.ടി വഴുതനയ്ക്കെതിരെ നടന്ന പോരാട്ടങ്ങൾക്ക് വലിയ സഹായമാകാൻ വിവരാവകാശ നിയമത്തിന് കഴിഞ്ഞിട്ടുണ്ട്. ആ സാധ്യത അടച്ചുകളയാനാണ് BRAI ശ്രമിക്കുന്നത്.

**അമേരിക്ക ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന പരമ്പരാഗത നെൽ വിത്തിലേക്ക് ലിബർട്ടി ലിങ്കിന്റെ ജീൻ കടന്നുകൂടി. അമേരിക്കൻ അരി യൂറോപ്പിൽഇറക്കുമതി ചെയ്തപ്പോൾ അവിടെ നടത്തിയ ജി.എം ടെസ്റ്റിലാണ് പരമ്പരാഗത അരിയിൽ ജി.എം ജീനിന്റെ സാന്നിധ്യം കണ്ടെത്തിയത്. യൂറോപ്പ് പൂർണ്ണമായും ജി.എമ്മിന് എതിരായതിനാൽ അവർ ഈ അമേരിക്കൻ അരിയുടെ ഇറക്കുമതി നിരോധിച്ചു. അമേരിക്കക്ക് കോടികൾ നഷ്ടമായി**



ഡോ. പുഷ്പ. എം. ഭാർഗ്ഗവ

### BRAI യെക്കുറിച്ചുള്ള GEAC അംഗങ്ങളുടെ നിലപാടെന്താണ്? എന്തെങ്കിലും എതിർപ്പുകൾ പുറത്ത് വന്നിട്ടുണ്ടോ?

ഉണ്ട്. BRAI യെ കേന്ദ്ര ശാസ്ത്ര - സാങ്കേതിക വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനെ GEAC ചെയർമാൻ എം.എഫ്. ഫറൂഖി ശക്തമായി എതിർട്ടുണ്ട്. ജൈവസാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്ന ശാസ്ത്ര - സാങ്കേതിക വകുപ്പ് തന്നെ അതിന്റെ നിയന്ത്രണ ചുമതല വഹിക്കുന്നത് തെറ്റാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. GEAC അനുവാദം കൊടുക്കാത്ത സ്ഥലങ്ങളിൽ ജി.എം വിളകളുടെ പരീക്ഷണം കണ്ടെത്തിയതിനെ തുടർന്ന് കൊടുത്ത കേസ് 2006 മുതൽ സുപ്രീകോടതിയിൽ തുടരുന്നുണ്ട്. ഈ കേസിലെ സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരമാണ് ഡോ. പുഷ്പ ഭാർഗ്ഗവയും ഡോ. എം.എസ്. സ്വാമിനാഥനും GEAC യിൽ അംഗമായി എത്തുന്നത്. ഡോ. പുഷ്പ ഭാർഗ്ഗവ എത്തിയ ശേഷമാണ് GEAC യിലെ തീരുമാനങ്ങൾ പൊതുസമൂഹം അറിയാൻ തുടങ്ങിയത്. സ്വാമിനാഥൻ GEAC മീറ്റിംഗുകളിൽ പങ്കെടുത്തിട്ടില്ല. ഡോ. പുഷ്പ ഭാർഗ്ഗവ ജനിതക സാങ്കേതിക വിദ്യയുടെ പ്രശ്നങ്ങൾ മീറ്റിംഗുകളിൽ ശക്തമായി അവതരിപ്പിച്ചു. സത്യസന്ധനായ ശാസ്ത്രജ്ഞനായതുകൊണ്ട് അദ്ദേഹത്തെ ആർക്കും വെറുതെ എതിർക്കാനും സാധിക്കി

ല്ല. BRAI വരുന്നതിനെക്കുറിച്ച് ശക്തമായ വിയോജിപ്പ് അദ്ദേഹം GEAC യിലും പരസ്യമായും ഉന്നയിച്ചിട്ടുണ്ട്. ഡോ. എം.എസ്. സ്വാമിനാഥനും പരസ്യമായി എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. BRAI ഗാന്ധിയൻ സങ്കൽപ്പങ്ങൾക്കെതിരാണെന്നും വികേന്ദ്രീകൃത അധികാര സംവിധാനത്തെ തകർക്കുമെന്നും സ്വാമിനാഥൻ പറഞ്ഞു.

ഈ എതിർപ്പുകളെയെല്ലാം അവഗണിച്ചും BRAI ബില്ലുമായി മുന്നോട്ട് പോകാനാണ് കേന്ദ്ര സർക്കാറിന്റെ തീരുമാനം. ഡ്യൂപോണ്ട്, ഡൗ, മൊൺസാന്റോ, ബെയർ തുടങ്ങിയ നാലഞ്ച് മൾട്ടിനാഷണൽ കമ്പനികളെ സഹായിക്കാൻ മാത്രമാണ് ഈ തിടുക്കം. ജയറാം രമേശ് പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും മാറിയ ശേഷം വന്ന മന്ത്രി ജയന്തി നടരാജൻ ഇക്കാര്യത്തിൽ സിവിൽ സമൂഹ പ്രസ്ഥാനങ്ങളുടെ വാദം കേൾക്കാൻ തയ്യാറായിട്ടില്ല.

**എന്തെല്ലാം നിയമലംഘനങ്ങളാണ് ജി.എം വിളകൾ പരീക്ഷിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ നടക്കുന്നത്? ഇത്തരം നിയമലംഘനങ്ങൾ എന്തെല്ലാം അപകടങ്ങളാണ് സൃഷ്ടിക്കുന്നത്?**

ഇന്ത്യയിലെമ്പാടും നിയമലംഘനങ്ങൾ നടക്കുന്നുണ്ട്. വസ്തുതാന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ അത് തെളിയിക്കപ്പെട്ടിട്ടുണ്ട്. GEAC നിർദ്ദേശിക്കുന്ന അകലം കൃത്യമായി പാലിക്കാതെയാണ് പല ജി.എം വിളകളും പരീക്ഷപ്പെടുന്നത്. പരമ്പരാഗത വിളകളിലേക്ക് ജി.എം ജീനുകൾ പരാഗണം ചെയ്യപ്പെടാനുള്ള സാധ്യതയെ ഇത് കൂട്ടുന്നു.

അമേരിക്കക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായ ഒരു ദുരനുഭവം ഇത്തരത്തിലുണ്ടായി. ലിബർട്ടി ലിങ്ക് (LL601) എന്ന ജനിതകമാറ്റം വരുത്തിയ നെല്ല് പരീക്ഷണാടിസ്ഥാനത്തിൽ അവർ കൃഷി ചെയ്തു. പരീക്ഷണം വിജയകരമല്ലാത്തതിനാൽ അവർ അത് ഉപേക്ഷിച്ചു. എന്നാൽ അമേരിക്ക ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന പരമ്പരാഗത നെൽ വിത്തിലേക്ക് ലിബർട്ടി ലിങ്കിന്റെ ജീൻ കടന്നുകൂടി.

അമേരിക്കൻ അരി യൂറോപ്പിൽ ഇറക്കുമതി ചെയ്തപ്പോൾ അവിടെ നടത്തിയ ജി.എം ടെസ്റ്റിലാണ് പരമ്പരാഗത അരിയിൽ ജി.എം ജീനിന്റെ സാന്നിദ്ധ്യം കണ്ടെത്തിയത്. യൂറോപ്പ് പൂർണ്ണമായും ജി.എമ്മിന് എതിരായതിനാൽ അവർ ഈ അമേരിക്കൻ അരിയുടെ ഇറക്കുമതി നിരോധിച്ചു. അമേരിക്കക്ക് കോടികൾ നഷ്ടമായി. കർഷകർ പ്രതിസന്ധിയിലായി. ജി.എം നെൽ വിത്തിന്റെ ഉത്പാദകരായ ബെയർ കമ്പനി ദൈവത്തിന്റെ വികൃതി എന്നാണ് ഈ സംഭവത്തിന്റെ വിശദീകരണമായി കോടതിയിൽ പറഞ്ഞത്. അവർ ശാസ്ത്രീയമെന്ന് പറഞ്ഞിരുന്ന പലതും തെറ്റി എന്നാണല്ലോ ആ വിശദീകരണത്തിൽ നിന്നും വ്യക്തമാകുന്നത്. പരീക്ഷണം നടത്തുന്ന ജി.എം വിത്തിൽ നിന്നും നിശ്ചിത അകലത്തേക്ക് പരാഗണം നടക്കില്ല എന്നെല്ലാം ബെയർ ആദ്യം ഉറപ്പ് പറഞ്ഞിരുന്നു. അവരുടെ വാദങ്ങളെല്ലാം ഈ സംഭവത്തോടെ പൊളിഞ്ഞു. പരാഗികൾക്ക് ശാസ്ത്രമറിയില്ലല്ലോ?

വലിയ സുരക്ഷാ മാനദണ്ഡങ്ങൾ ഉണ്ടെന്ന് പറയുന്ന യു.എസ്സിലാണ് ഇത് സംഭവിച്ചത്. അപ്പോൾ ഇന്ത്യപോലെയുള്ള രാജ്യങ്ങളുടെ സ്ഥിതി എന്താകും? തമിഴ്നാട് കാർഷിക സർവ്വകലാശാലയിൽ പരീക്ഷണം നടത്തിയ ജി.എം വിളകളുടെ വിത്തുകൾ സമീപത്തുള്ള കർഷകർ എടുത്തുകൊണ്ട് പോയി സൂക്ഷിക്കുന്നത് ടെലിവിഷനിൽ ലൈവായി കാണിച്ചതാണ്. അതാണ് നമ്മുടെ സുരക്ഷ.

ബംഗാളിലെ ചിൻസുരിയ റൈസ് റിസർച്ച് സ്റ്റേഷനിൽ നടന്ന മറ്റൊരു സംഭവം പറയാം. കബാരി ദത്ത എന്ന ഒരു ശാസ്ത്രജ്ഞ ജനിതകമാറ്റം വരുത്തിയ നെൽ വിത്ത് പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ GEAC യുടെ അനുമതി തേടി. പരീക്ഷണ കൃഷിക്ക് മൂന്ന് മീറ്റർ അകലം മതി എന്നായിരുന്നു അവരുടെ വാദം. എന്നാൽ 200 മീറ്റർ അകലം വേണമെന്ന് പറഞ്ഞ GEAC 200 മീറ്റർ അകലത്തിൽ ചെയ്യാനുള്ള അനുമതി കൊടുത്തു. പരമ്പരാഗതമായ പല നെൽവിത്തുകളും സംരക്ഷിക്കുന്ന ചിൻസുരിയയിൽ അത്രയും അകലം പാലിച്ചുകൊണ്ട് കൃഷി ചെയ്യാനുള്ള സ്ഥലമില്ല. ഡോ. സ്വപൻ ദത്ത എന്ന GEAC അംഗം അടുത്ത മീറ്റിംഗിൽ കബാരി ദത്തയുടെ പരീക്ഷണത്തിന് 10 മീറ്റർ മതിയെന്നും ഹൈബ്രിഡ് വിത്തുകളുണ്ടാക്കാൻ പാലിക്കുന്ന അകലം അതാണെന്നും വാദിച്ച് അനുമതിയിൽ പറഞ്ഞ അകലം 10 മീറ്ററിലേക്ക് ചുരുക്കി. GEAC അത് അംഗീകരിച്ചു. എന്നാൽ ബംഗാളിലെ പരിസ്ഥിതി സംഘടനകളുടെ എതിർപ്പിനെ തുടർന്ന് സംസ്ഥാന സർക്കാർ പരീക്ഷണത്തിനുള്ള അനുമതി നിഷേധിച്ചു.

പിന്നീട് വിവിധ പരിസ്ഥിതി സംഘടനകൾ നടത്തിയ അന്വേഷണത്തിൽ കബാരി ദത്തയുടെ ഭർത്താവാണ് ഡോ. സ്വപൻ ദത്ത എന്ന ഞെട്ടിക്കുന്ന വിവരം അറിയാൻ കഴിഞ്ഞു. ജി.എം നെൽവിത്തിന്റെ പരീക്ഷണത്തിനുള്ള പ്രോജക്ട് ഇവർ രണ്ട് പേരും ചേർന്നാണ് സമർപ്പിച്ചിരിക്കുന്നതെന്നും പിന്നീട് അറിയാൻ കഴിഞ്ഞു. ഭാര്യയുടെ പ്രോജക്ടിന് മാനദണ്ഡങ്ങളൊന്നും നോക്കാതെ ഭർത്താവ് അനുമതി നൽകുന്നു.

ഇത്തരം അപകടകരമായ സംഭവങ്ങളാണ് GEAC യിൽ നടക്കുന്നത്. മൂന്ന് കിലോമീറ്റർ അകലത്തിലേക്ക് ജീനുകൾ പരാഗണം ചെയ്യപ്പെടുമെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പരീക്ഷണം നടത്താനുള്ള അനുമതി നൽകുമ്പോൾ ദൂരം തീരുമാനിക്കുന്നതിന് പ്രത്യേക മാനദണ്ഡമൊന്നുമില്ലെന്നാണ് ഈ സംഭവങ്ങൾ തെളിയിക്കുന്നത്. ഇതിന്റെ അപകടം വ്യക്തമായി അറിയാമെങ്കിലും വിത്തുകുത്തകകളുടെ വാഗ്ദാനങ്ങൾക്ക് മുന്നിൽ അതെല്ലാം കണ്ടില്ലെന്ന് നടിക്കുകയാണ് ശാസ്ത്രലോകം.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G.Centre

**North Bus Stand, Thrissur-20.**

Ph : 2338983, 6950675

e-mail : pgcentre.tsr@gmail.com